LIBRARY ARCHIVES Kerala Legislative Assembly

ഭൂമികേരളം പദ്ധതിക്കായി അനുവദിച്ച തുക

97 (5270) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമികേരളം പദ്ധതിക്കായി 2009-2010 സാമ്പത്തിക വർഷത്തിൽ എത്ര ലക്ഷം രൂപയാണ് അനുവദിച്ചു കിട്ടിയതെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത തുക ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആകെ ലഭിച്ച തുക : 11,95,50,400 രൂപ

ആകെ ചെലവ് : 1,40,48,015 രൂപ

(ബി) ചെലവഴിച്ച ഇനം	ചെലവ് (രൂപ)
കവചിത വാഹനം വാങ്ങിയത്	5,20,000
കമ്പ്യൂട്ടർ വാങ്ങിയത്	27,20,933
എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	33,94,832
സർവ്വേയർമാർക്ക് പരിശീലനം നൽകിയതിന്	2,81,271
സ്റ്റേറ്റ് പ്രോജക്ട് ഓഫീസ് സ്ഥാപിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും	1,35,640
ചെങ്ങറ ഭൂമിയുടെ സർവ്വേ ജോലി	2,90,000
ഭൂമി കേരളം പദ്ധതിയുടെ കീഴിൽ റീസർവ്വേ	67,05,339
ആകെ	1,40,48,015

ഭൂമി വിതരണം

98 (5275) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മൊത്തം വിതരണം ചെയ്ത ഭൂമിയിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെടുന്ന എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഭൂമി വിതരണത്തിനും പട്ടയം നൽകുന്നതിനുമായി എത്ര അപേക്ഷകളിൽ നടപടികൾ പൂർത്തിയായിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 24-6-2010 വരെ പട്ടിക വർഗ്ഗത്തിൽപ്പെട്ട 1419 പേർക്ക് പട്ടയവും 2459 പേർക്ക് കൈവശ രേഖയും നൽകിയിട്ടുണ്ട്. കൂടാതെ 24-7-2010 വരെ 11158 ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരമുള്ള കൈവശ രേഖയും ചെങ്ങറ ഭൂസമരത്തിൽ പങ്കെടുത്ത 38 ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമിയും നൽകിയിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ടവരിൽ 26-3-2010 വരെ 9794 പേർക്ക് പട്ടയവും 2051 പേർക്ക് കൈവശരേഖയും നൽകിയിട്ടുണ്ട്. ലഭ്യമായ അപേക്ഷകളിൽ ഭൂമിയുടെ ലഭ്യതയ്ക്കും അർഹതയ്ക്കും വിധേയമായി പതിവുനടപടികൾ പൂർത്തിയാക്കിവരുന്നു.

ഭൂരഹിതരായവർക്ക് റവന്യൂ പുറമ്പോക്ക് ഭൂമി നൽകുന്നതിന് നടപടി

99 (5278) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരായവർക്ക് താമസിക്കുന്നതിനുവേണ്ടി റവന്യൂ പുറമ്പോക്ക് ഭൂമി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇത്തരം ഭൂമി വിതരണം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നില നിൽക്കുന്നുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഭൂരഹിതരായവർക്ക് താമസിക്കുന്നതിനുവേണ്ടി റവന്യൂ പുറമ്പോക്ക് ഭൂമിയിൽ നിന്നും പതിച്ചുനൽകാവുന്ന ഭൂമിയുടെ ലഭ്യതയനുസരിച്ച് അർഹത യുടെ അടിസ്ഥാനത്തിൽ നിലവിലെ നിയമമനുസരിച്ച് വിതരണം ചെയ്തു വരുന്നുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

ആറളം ഫാമിൽ ആദിവാസികൾക്കുള്ള ഭൂമി വിതരണം

100 (5280) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറളം ഫാമിൽ ആദിവാസികൾക്കുള്ള മൂന്നാം ഘട്ട ഭൂമി വിതരണം നടത്താനുള്ള നടപടിക്രമങ്ങൾ ഏത് വരെയായെന്ന് വ്യക്തമാക്കുമോ;

(ബി) മൂന്നാം ഘട്ട ഭൂമി വിതരണം എപ്പോൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly